പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 588 | 13-10-2026-ൽ മറുപടിയ്ക്ക്

**<u>സീതാർകുണ്ടിൽ കെ.എസ്.ഇ.ബി. ടവർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ | ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ടിൽ കെ.എസ്.ഇ.ബി. ടവർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സീതാർകുണ്ടിൽ നിലവിലുള്ള 33 കെ.വി. ലൈൻ, റൈറ്റ് ഓഫ് വേയുടെ (Right of Way) പരിസരത്തിലൂടെ ടവറുകൾ ഇട്ട് സ്ഥിരതയുള്ള പുതിയ 33 കെ.വി. ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രായോഗികത ഡ്രോൺ സർവേ ഉപയോഗിച്ച് പരിശോധിക്കുകയും പ്രായോഗികമല്ല എന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട് . പകരമായി നിലവിലുള്ള റൂട്ട് ഉപേക്ഷിച്ച് വെള്ളൂർമേട് പ്രദേശത്തുകൂടി ലൈൻ കൊണ്ടുവരാൻ പുതിയൊരു നിർദ്ദേശം ഉണ്ടായതിനെ തുടർന്ന്, പ്രസ്തുത ഭാഗത്തിലൂടെ വാക്കോവർ സർവ്വേ (Walkover Survey) വനംവകുപ്പിന്റെ അനുമതിയോടുകൂടി നടത്തുകയും റൂട്ടിന്റെ പ്രായോഗികത അറിയുവാൻ ഡിജിറ്റൽ സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേ പൂർത്തിയാക്കിയതിനു ശേഷം ഡോക്യുമെന്റുകൾ തയ്യാറാക്കുന്ന ജോലികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. പ്രസ്തുത ഡോക്യുമെന്റുകൾ എല്ലാം തയ്യാറായതിനു ശേഷം ഈ പ്രദേശത്തുകൂടി ടവർ ഉപയോഗിച്ച് നെല്ലിയാമ്പതി 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുവാൻ സാധിക്കുമോ എന്ന് നിർണ്ണയിക്കാനാവും.

പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട് .

**(ബി)** പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സീതാർകുണ്ടിൽ നിലവിലുള്ള 33 കെ.വി. ലൈൻ, റൈറ്റ് ഓഫ് വേയുടെ (Right of Way) പരിസരത്തിലൂടെ ടവറുകൾ ഇട്ട് സ്ഥിരതയുള്ള പുതിയ 33 കെ.വി. ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രായോഗികത ഡ്രോൺ സർവേ ഉപയോഗിച്ച് പരിശോധിക്കുകയും പ്രായോഗികമല്ല എന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട് . പകരമായി നിലവിലുള്ള റൂട്ട് ഉപേക്ഷിച്ച് വെള്ളൂർമേട് പ്രദേശത്തുകൂടി ലൈൻ കൊണ്ടുവരാൻ പുതിയൊരു നിർദ്ദേശം ഉണ്ടായതിനെ തുടർന്ന്, പ്രസ്തുത ഭാഗത്തിലൂടെ വാക്കോവർ സർവ്വേ (Walkover Survey) വനംവകുപ്പിന്റെ അനുമതിയോടുകൂടി നടത്തുകയും റൂട്ടിന്റെ പ്രായോഗികത അറിയുവാൻ ഡിജിറ്റൽ സർവ്വേ നടത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേ പൂർത്തിയാക്കിയതിനു ശേഷം ഡോക്യുമെന്റുകൾ തയ്യാറാക്കുന്ന ജോലികൾ ഇപ്പോൾ നടന്നു

കൊണ്ടിരിക്കുന്നു. പ്രസ്തുത ഡോക്യുമെന്റുകൾ എല്ലാം തയ്യാറായതിനു ശേഷം ഈ പ്രദേശത്തുകൂടി ടവർ ഉപയോഗിച്ച് നെല്ലിയാമ്പതി 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുവാൻ സാധിക്കുമോ എന്ന് നിർണ്ണയിക്കാനാവും.

പ്രസ്തുത പദ്ധതിയ്ക്കായുള്ള സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**